'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - ഒഞ്ചിയം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ബാബുരാജനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1416/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2019**

---

പരാമർശം:- 1 സർക്കാരിന്റെ 17.10.2015, 07.01.2016 എന്നീ തീയതികളിലെ ഇആർബി1/98/2014/തസ്വഭവ നമ്പർ കത്തുകൾ

2 ഗ്രാമവികസന കമ്മീഷണറുടെ 04.04.2016-ലെ 22057/ഡിപി5/15/സി.ആർ.ഡി. നമ്പർ കത്ത്

3 സർക്കാരിന്റെ 31.03.2017-ലെ 43/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. കെ. ബാബുരാജൻ സമർപ്പിച്ച 09.06.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 29.08.2018-ലെ ഡി1-13182/2017 നമ്പർ കത്ത്

6 സർക്കാരിന്റെ 19.02.2019-ലെ ഇപിബി3/43/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7 ശ്രീ. കെ. ബാബുരാജൻ സമർപ്പിച്ച 09.05.2019-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സർക്കാർ ഫണ്ടിൽ നിന്നും 4,67,715/- രൂപ ചെലവഴിച്ച് 07.10.2015-ന് പണി പൂർത്തിയാക്കിയ ഒഞ്ചിയം മാർക്കറ്റ് ബിൽഡിംഗ് ഒഞ്ചിയം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടും കെട്ടിട നമ്പർ അനുവദിക്കാത്തതിന്റെ പേരിൽ 10 വർഷമായി ഉപയോഗശൂന്യമായി കിടക്കുന്നതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ബാബുരാജനോട് ആവശ്യപ്പെട്ടിട്ടും സർക്കാർ നിർദ്ദേശം അവഗണിച്ച് നമ്പർ അനുവദിച്ചു നൽകാതെ അച്ചടക്ക ലംഘനം നടത്തിയെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ബാബുരാജന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകിയിരുന്നുവെങ്കിലും ടിയാൻ 31.03.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. തുടർന്ന് സേവനത്തിലിരിക്കെ ശ്രീ. ബാബുരാജനെതിരെ കെ.സി.എസ്.(സിസി&എ) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. കെ. ബാബുരാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുവാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (6) പ്രകാരം

കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. ബാബുരാജൻ പരാമർശം (7) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. കെ. ബാബുരാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുവാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. കെ. ബാബുരാജനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ബാബുരാജനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

   (പരാമർശം 1 - 7 എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ. ബാബുരാജൻ, മുൻ സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/43/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ